ഈ നിശ്ചയത്തിന്റെ പ്രയോജനത്തെപ്പറ്റിയും ഒന്നു പറയാനുണ്ട്. എല്ലാ സമുദായക്കാരേയും പ്രവേശിപ്പിക്കാൻ ഇഷ്ടമുള്ള ഹോട്ടലുകാർ ഇപ്പോൾ ഉണ്ട്. പക്ഷെ അവർക്ക് അവരുടെ ഇഷ്ടം പോലെ പ്രവൃത്തിക്കുവാൻ സാധിക്കുന്നില്ല. അവർ മാത്രം പ്രവേശനം കൊടുത്താൽ അവർക്ക് നഷ്ടം നേരിട്ടേക്കുമെന്ന് അവർ ഭയപ്പെടുന്നു. അതുകൊണ്ടാണ് എല്ലാ ഹോട്ടലുകാരും പ്രവേശനം കൊടുക്കേണ്ട ആവശ്യം മുഖ്യമായി നേരിടുന്നത്.

Mr. E. Ikkanda Warriar.—I second it. I think the resolution has been sufficiently explained by the Hon'ble mover. So I do not wish to make a long speech.

Mr. U. Kandar Menon.—Sir, I am sorry that the Government are not in a position to accept this resolution. I do not think it is in the power of any Government to direct hotel-keepers as to whom they shall cater and whom not. There is nothing to prevent the hotel-keepers if they so desire to serve all people without the distinction of caste or creed. The Government cannot coerce them to do so. If we interfere in such matters we will be interfering with the rights and liberties of the people. If the hotel-keepers want to serve all people without the distinction of caste or creed they may do so. The hotel-keepers are also citizens and they should be allowed to exercise their rights of citizenship. In matters like this they should be given full liberty without imposing any restriction. On these grounds the Government oppose the resolution.

മിസ്റ്റർ എം. കെ. രാമൻ.—ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഗവർമ്മെണ്ടുഭാഗത്തു നിന്നും ഇതിനു പറഞ്ഞിട്ടുള്ള ന്യായം ഇതു് ജനങ്ങളുടെ പ്രൈവറ്റ് കാര്യത്തിൽ പ്രവേശിക്കുക അല്ലെന്നാണ്. ചെറിയ ഒരു ദൃഷ്ടാന്തം ഞാൻ പറയാം. ഇവിടെ സിനിമകാം നടപ്പുണ്ടല്ലോ. അവയിൽ ഒരു ജാതിക്കാർക്കു മാത്രമേ പ്രവേശിയ്ക്കുവാൻ പാടുള്ളൂ എന്ന് ഒരു നിശ്ചയം ഉണ്ടെന്നു വയ്ക്കുക. അല്ലെങ്കിൽ ഒരു ബസ്സ് എടുക്കാം. ഇന്ന ജാതിക്കാർ മാത്രമേ ബസ്സിൽ കയറുവാൻ പാടുള്ളൂ എന്നോ മറ്റോ പറഞ്ഞാൽ അതൊരു സാധാരണ നടപടിയല്ലാത്തതു കൊണ്ട് അതു ശരിയായിട്ടുള്ളതല്ല. അനീതിയാണ് എന്ന് എല്ലാവരും സമ്മതിയ്ക്കും. എന്നാൽ അതുപോലെതന്നെയുള്ള ഒരു പബ്ലിക്ക് ഹോട്ടലിൽ ബ്രാഹ്മണർക്കു മാത്രമേ പ്രവേശനമുള്ളൂ എന്നു പറഞ്ഞാൽ അതിൽ അത്ഭുതം ഒന്നും തോന്നുന്നില്ല. കാരണം നമ്മുടെ വെറും പരിചയം. എന്നാൽ വാസ്തവത്തിൽ പബ്ലിക്കായ ഒരു ബ്രാഹ്മണന്റെ ഹോട്ടലിൽ മറ്റു ജാതിക്കാർക്കെല്ലാം ഒന്നുപോലെ പ്രവേശനം കൊടുക്കാതിരിക്കുന്നതു് ഒരു വലിയ അനീതിയല്ലേ? അതു് പ്രൈവറ്റായിട്ടുള്ള സ്ഥാപനമാണെന്നു വിചാരിയ്ക്കുവാൻ യാതൊരു ന്യായവും കാണുന്നില്ല. മുനിസി

LIBRARY ARCHIVES Kerala Legislative Assembly

മുപ്പാലറിയിൽ നിന്നും ലൈസൻസെടുത്താണ് ഒരാൾ ഹോട്ടൽ നടത്തുന്നതെങ്കിൽ അതു് ഒരിയ്ക്കലും ഒരാളുടെ സഹകായ്മമായി വരുവാൻ പാടുള്ളതല്ലെന്നു തീർച്ചയാക്കാം. ഓരോ ജാതിക്കാരുടെ പ്രത്യേകം തിരിച്ചുള്ള പബ്ലിക്ക് ഹോട്ടലുകൾക്ക് ഗവൺമെണ്ടോ മുൻസിപ്പാലിറ്റിയോ അനുമതികൊടുത്തു് വർത്തമാനത്തെ ഭിന്നിപ്പിക്കരുതു്. അതിനാൽ ഇപ്രകാരം ലൈസൻസോടുകൂടി നടത്തുന്ന പൊതുവായ ഒരു സ്ഥാപനത്തിൽ ജാതിവ്യത്യാസം കൂടാതെ പ്രവേശിയ്ക്കത്തക്കവണ്ണമുള്ള ഒരു നിയമം നിശ്ചയമായും വേണം. അതിലേയ്ക്ക് ഇപ്പോൾ നിയമമൊന്നുമില്ലെങ്കിൽ അതു് ഉടൻ തന്നെ നിയന്ത്രിയ്ക്കേണ്ടതു് അത്യാവശ്യമാണ്. ഭിന്നസമുദായങ്ങൾ തമ്മിലുള്ള ഐകത്യയും മറ്റും നമ്മുടെ നാട്ടിലും വർദ്ധിച്ചു വരികയാണ് ചെയ്യുന്നതു്. അങ്ങിനെയിരിയ്ക്കുമ്പോൾ ഒരു ജാതിക്കാർ മാത്രമേ പ്രവേശിയ്ക്കാൻ പാടുള്ളു എന്നു വച്ചാൽ—ഒരാൾക്കു ലൈസൻസു കൊടുത്തു് അയാൾ പബ്ലിക്കായി ഒരു ഹോട്ടലോ റസ്റ്ററന്റോ മറ്റോ നടത്തുമ്പോൾ അതിൽ ഒരു ജാതിക്കാർക്കു പ്രവേശനം കൊടുക്കയുള്ളുവെന്നു വന്നാൽ—അതു് മറ്റുള്ളവരെ പരോക്ഷമായി അധിക്ഷേപിയ്ക്കുകയാണ ചെയ്യുന്നതു്. മുമ്പു ചിലസ്ഥലങ്ങളിലെല്ലാം റോഡുകളിലും മറ്റും ഇന്നയിന്ന ജാതിക്കാർ കടന്നുകൂടായെന്നുള്ള ബോർഡുകൾ കാണാനുണ്ടായിരുന്നു. എന്നാൽ ഭാഗ്യവശാൽ ഇപ്പോൾ അതൊന്നും കാണുവാനില്ല. ഇപ്രകാരം ചില വർഗ്ഗത്തെ പരോക്ഷമായി അധിക്ഷേപിയ്ക്കത്തക്കവണ്ണം മുനിസിപ്പാലിറ്റിയിൽ നിന്നും ഓരോരുത്തക്കു് ലൈസൻസ് അനുവദിയ്ക്കുവാൻ പാടില്ല. അങ്ങിനെ ചെയ്യുമ്പോൾ ഈമാതിരി വിഷമങ്ങളൊക്കെ ഉണ്ടാകും. ഇതു ഒരു പ്രൈവറ്റ് റൈറ്റ് മാത്രമല്ല; പൊതുസ്ഥാപനമാണ് എന്നുള്ളതു് ഗവൺമെണ്ടു തന്നെ നല്ലവണ്ണം ഓർക്കണം. ഈ കാര്യത്തിലും മുന്നേപ്പോലെ ഗവൺമെണ്ടു് ഒരു മുടന്തൻ ന്യായമാണ് പറയുന്നതെന്നാണ് എനിയ്ക്കു തോന്നുന്നതു്. അതിനാൽ ഈ നിശ്ചയത്തെ എല്ലാവരും ഏകകണ്ഠമായി പാസാക്കണമെന്നാണ് എനിയ്ക്കു ഈ സഭയോടും, ഇതിലെ മെമ്പർമാരോടും അപേക്ഷിയ്ക്കുവാനുള്ളതു്.

Mr. P. Krishna Menon.—On a point of information, Sir. Is the Government prepared to say that the grant of a license by a Municipality can be governed by any of the considerations as mentioned in the resolution?

Mr. U. Kandar Menon.—No, according to the rules as they stand now. There are certain sanitary conditions laid down for the grant of license.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഗവൺമെണ്ടു് ഈ മാതിരി സംഗതികളെ കുറിച്ചു കേവലം എതിർത്തു പറഞ്ഞതിനെ സംബന്ധിച്ചു് ചില സംഗതി ഇവിടെ പറഞ്ഞിട്ടു് എന്റെ പ്രസംഗം വേഗം അവസാനിപ്പിയ്ക്കാമെന്നാണ വിചാരിയ്ക്കുന്നതു്. ഈ

LIBRARY ARCHIVES Kerala Legislative Assembly

മാതിരിയുള്ള സ്വകാര്യ സംഗതികളിൽ ഗവമ്മെണ്ടു് ഇടപെടുന്നില്ലെന്നും ഇടപെടുകയില്ലെന്നും പറഞ്ഞിട്ടുള്ളതു് തീരെ അത്ഥമില്ലാത്തതാണു്. ഇതുപോലേയുള്ള വേറെ കാര്യങ്ങളിൽ പൊതുജന നന്മയെ ഗണിച്ചു് ഗവമ്മെണ്ടു കയ്യിടുന്നുണ്ടെന്നു കാണുന്നുണ്ടു്. ഇപ്പോൾ ബോട്ടസവ്വീസുണ്ടു്; ബസ്സു സവ്വീസുണ്ടു്; ഇതിൽ നൂറാളെ മാത്രമെ ഒരു ബോട്ടിൽ കയറാറാൻ പാടുള്ളു; ൫൦ ആളെ മാത്രമെ ഒരു ബസ്സിൽ കയറാറാൻ പാടുള്ളു; എന്നൊക്കെ നിർബ്ബന്ധം വച്ചുകാണുന്നുണ്ടു്. നൂറു യാത്രക്കാരെ കൊണ്ടുപോകേണ്ടുന്ന ഒരു ബോട്ടിൽ ൨൦൦ ആളെ കൊണ്ടുപോകുവാനുള്ള സന്നാഹത ബോട്ടുടമസ്ഥന്മാർക്കും യാത്രക്കാർക്കും ഉണ്ടായിരുന്നാലും ഗവമ്മെണ്ടു് അതിനു സമ്മതിയ്ക്കുന്നുണ്ടോ? അതു പാടില്ലെന്നു പറഞ്ഞു തടയുന്നു. എന്നാൽ ഇപ്രകാരമുള്ള നിയന്ത്രണം ഇപ്പോഴത്തെ ഗവമ്മെണ്ടിന്റെ ഈ വാദത്തിൽ പ്രതിബിംബിച്ചു കാണുന്നില്ല. ഗവമ്മെണ്ടിനു അതു ചെയ്യാൻ മനസ്സില്ലെന്നു പറയുന്നതിനു പകരം പ്രൈവറ്റു കാര്യങ്ങളിൽ കയ്യിടുവാൻ പാടില്ലാത്തതാണു് എന്നുള്ള തത്വം—അനുഷ്ഠാനത്തിൽ പലപ്പോഴും അവർ സ്വീകരിച്ചിട്ടില്ലാത്ത ഈ തത്വം—വലിച്ചിഴച്ചു കൊണ്ടുവരികയാണു ചെയ്തിട്ടുള്ളതു്. ഇതിൽ നിന്നു തന്നെ ഗവമ്മെണ്ടിന്റെ പ്രവൃത്തി ശരിയാണൊ തെറ്റാണൊ എന്നുള്ളതു് ഈ മെമ്പർമാക്കെല്ലാം ആലോചിച്ചാൽ അറിയാവുന്നതാണു്. അതുകൊണ്ടു് ഞാൻ ഇതിനെ വളരെ ശക്തിയായി അനുകൂലിച്ചുകൊള്ളുന്നു.

Mr. P. Krishna Menon.—In the enthusiasm of the supporters of this motion I am afraid they have lost sight of the actual point at issue in the motion because the motion, runs thus: "This Council recommends to the Government to make it a rule for the Municipal Councils of the State not to issue licenses to any hotels and restaurants, etc." In the first place the grant of licenses by the Municipalities or, perhaps, to be more correct, by the Chairman is regulated by certain rules and if the provisions of these rules are conformed with the Chairman or the Council has absolutely no right to refuse a license. To go into this particular questi n, certain rules are framed with regard to the hygienic conditions of hotels and if these conditions are fulfilled the Municipality or the Chairman has absolutely no right to refuse the grant of a licen se Of the conditions provided for, caste distinction is not one. Therefore questions of social status cannot form the guiding principle of granting or refusing a license.

Mr. M. K. Raman.—Who framed these rules?

Mr. P. Krishna Menon.—I am coming to that point. What the resolution further says is that the Government should make a rule. Under the Regulation Government is allowed to make rules but not any rule that the Government wants to

LIBRARY ARCHIVES Kerala Legislative Assembly

make on any subject in any manner. Government, under the Regulation, is authorised to make rules under certain specific lines. Beyond that Government has no power to make rules according to Regulation. Therefore if any new procedure is to be adopted there must be an amendment of the Regulation itself, which alone will enable the Government to make rules and which alone will make the Municipality or the Chairman to grant or refuse a license. Therefore the object of this resolution cannot be attained by requesting the Government to accept the motion, namely, to make it a rule, etc. On these grounds I oppose the motion.

Mr. K. G. Nayar.—After hearing my Hon'ble friend the Member for Vadakkancheri I am afraid the Hon'ble Member has misunderstood the scope of the resolution. I do not think the Hon'ble mover of this resolution intends that, as soon as this resolution is accepted by the House, and without any change in the Municipal Regulation of the State, Government should forthwith put it into practice. It is never that. All that this resolution means is that if this is accepted by the House and the Government is pleased to act accordingly the next move on the part of the mover would be to amend the Municipal Regulation in order to carry out the principle underlying this resolution. That the Statute as it is constituted now, disables the resolution being worked out, is clear. On that ground any opposition is not good. One ought to certainly understand, as we saw in yesterday's Hindu, the spirit that is there. But we are not to be tied down by immemorial customs. It is that which stands in the way and nothing else. I do not think anybody who opposes this resolution feels for himself that this resolution is bad. But it might be that we are tied down by a traditional custom, within the four walls of its meaningless peculiarities. It is because of that spirit that we say that this resolution is not acceptable. When once the resolution is accepted it is for the legislature to say that we are far advanced and that we need not recognise the shackles of caste system. It is only a stepping stone to further progress so far as the State is concerned. It is only in that spirit that this resolution is to be taken. And not because, if the resolution is accepted tomorrow we should find all the people without distinction in the hotels. It is only a stepping stone for further progress regarding social status of the various subjects in Cochin State. On that ground I support the resolution.

മിസ്റ്റർ കെ. പി. വള്ളോൻ.—സർ, ഈ നിശ്ചയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. ഈ വിഷയത്തിൽ ഈ നിശ്ചയം ഇവിടെ അവതരിപ്പിച്ച മെമ്പറുടെ സമുദായക്കാരേക്കാൾ കൂടുതൽ ദുഃഖം അനുഭവിയ്ക്കുന്നതു് എന്റെ സമുദായക്കാരാണു്. ശവത്തെ

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. ഈവക കാര്യങ്ങളിൽ ഇങ്ങനെ പറയുന്നുവെങ്കിൽ നിശ്ചയമായും ഇപ്പോൾ ചിലഹോട്ടലുകളിൽ അധഃകൃതർക്ക് പ്രവേശിയ്ക്കുവാൻ അനുവദിച്ചതും കൂടി തടയപ്പെട്ടുവാനിടയുണ്ട്. പിന്നെ തെരുതെരെ അടിയ്ക്കേ! അടിയ്ക്കേ! എന്നു കേൾക്കാനിടവരും. ഞാൻ തന്നെ പല സ്ഥലങ്ങളിലും പോയാൽ ഈമാതിരിയുള്ള കഷ്ടതകൾ അനുഭവിച്ചു വരുന്നുണ്ട്. ഒരിയ്ക്കൽ ഞാറയ്ക്കൽ ചെന്നപ്പോൾ അവിടെയുള്ള എന്റെ സ്നേഹിതന്മാരും കൂടി ഒരു ചായക്കടയിൽ ചായ കുടിയ്ക്കുവാൻ കയറി. എന്നെ അവിടെയുള്ളവരാരും അറിയുകയില്ല. കൂടെ ഉള്ളതിൽ ഒരാളെ ഹോട്ടൽകാരനു് അറിയാം. ഉടനെ അവിടെയുള്ള മാനേജർവന്നു് അയാളെ അടിക്കുവാൻ ഒരുങ്ങി. നിങ്ങൾ എന്തു ചോദിച്ചാലും ഞാൻ മറുപടി പറയാമെന്നു പറഞ്ഞിട്ടും പിന്നെയും അയാൾ അടിയ്ക്കുവാൻ വന്നു. ഒരു വിധത്തിൽ ഞങ്ങൾ അവിടെനിന്നിറങ്ങി തല്ലുകൊള്ളാതെ പോന്നു.

ഇതുപോലെ ഒരിയ്ക്കൽ വേറൊരു സാരസ്വതബ്രാഹ്മണന്റെ ഹോട്ടലിൽ ഞാനും വേറൊരാളുംകൂടി ചായകുടിയ്ക്കുവാൻ ചെന്നു. അയാൾ എന്നെ നല്ലപോലെ അറിയുകയില്ല. നിങ്ങളെന്തുജാതിക്കാരനാണെന്നു് എന്റെകൂടെയുണ്ടായിരുന്ന ആളോടു ചോദിച്ചപ്പോൾ ഞാൻ ഒരു അരയനാണെന്നു പറഞ്ഞു. ഈമാതിരി ജാതിമാറി ചെന്നാൽ എവിടേയും അനുവദിയ്ക്കും. അങ്ങിനെ ചെയ്യുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. വടക്കൻ പ്രദേശങ്ങളിൽ ഈയിടെ പലയിടത്തും ഞാൻ പോയിരുന്നു. എന്നാൽ ചേലക്കര എന്നുള്ള സ്ഥലത്തു് ഞാൻ പോയിട്ടു് എനിയ്ക്കു കുടിയ്ക്കുവാൻ ചായവെള്ളം പോലും കിട്ടാതെ വളരെ കഷ്ടപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു് ഈ നിശ്ചയത്തെ ന്യായമായ നിലയിൽ സ്വീകരിയ്ക്കണമെന്നും, ഇതിനെ തടയാതിരിയ്ക്കണമെന്നും ഉള്ള അപേക്ഷയോടുകൂടി ഞാൻ ഈ നിശ്ചയത്തെ വീണ്ടും ബലമായി പിൻതാങ്ങുന്നു.

Mr. M. A. Chakko—I rise to oppose this resolution. The principal ground for opposing this resolution is on account of my view that any social reform must be led and not driven. By this resolution the ultimate result will be that those who have conservative views in the matter of certain religious customs will be smoked out from their position and driven to nowhere. There may be certain people who are scrupulous in having their meals or refreshments in a particular fashion and in order to get that which would satisfy their inner man they will have to seek places of a particular kind. So if the Government by the acceptance of this resolution, forbids people to cater to those persons who must have that particular kind of meals they will be made to suffer without any proportionate benefit to those who hold opposite views. Therefore I say in a matter of

LIBRARY ARCHIVES Kerala Legislative Assembly

social reform conversion is better than coercion. So in as much as the ultimate object of this resolution, if accepted and brought into operation, will be to smoke out the conservatives in the matter of social or religious observances, I think it is not time yet to use that method of coercion to make life impossible or miserable to our fellow citizens. For this reason I think I should oppose this motion.

Mr. A. Sankara Poduval.—I too desire to oppose the motion. Apart from the question that it invades upon the personal rights of our citizens, and apart from the fact that it necessitates an amendment of the Municipal Regulation, it seems to me that some line has to be drawn as to where Government can interfere in regulating social customs and the religious sentiments of communities. The Municipal rules allow license to be granted to Cosmopolitan hostels. Those who are very particular to dine there can do so. If you want the privilege of a cosmopolitan mess, there are the cosmopolitan Hotels. Nobody has a right to say that you can take hotel refreshments only if you are prepared to sacrifice your sentiments and agree to go to a cosmopolitan hotel in which the licensee who is carrying on business caters to all classes and communities without distinction of caste or creed. The Government and the Municipality have to consider the conveniences not only of the advanced section but of the orthodox section also. It is a different thing in the case of conveyances. Let me put an illustration. Suppose under the rules a license has to be granted to run a club. There may be some people who would be willing to have mixed clubs. There may be others in favour of clubs exclusively for gentlemen and others solely for ladies. Does it stand to reason to say that a license should not be granted except to run mixed clubs? We, as a legislating body, should not lay down provisions so as to wound the religious sentiments of people unless it be absolutely necessary for State purposes. These are not matters of that description, and the analogy referred to by some of the Members does not hold good here at all. As it is, there are cosmopolitan hostels and people with cosmopolitan views are welcome to go to them. Let me again try to illustrate my point. Schools are conducted either by private agencies or by Government. There may be people who may be of opinion that mixed schools are better than separate schools for boys and girls. Is it right to say that grant-in-aid should not be granted, that recognition should be refused, unless the schools run are of a mixed character? There may be schools entirely for boys and entirely for girls. Because a certain section of the people entertain the view that mixed schools are better, it is certainly wrong to say that grant-in-aid should not be granted to the

LIBRARY ARCHIVES Kerala Legislative Assembly

other institutions. These are matters of social and often hereditary sentiments which do not in any way either affect or go to retard our administrative or constitutional progress. In matters of this kind, it is very dangerous to bring in motions in legislatures so as to invade upon the private rights of citizens. On these grounds, I oppose the motion.

മിസ്സിസ്സ് സ്വാരിസ്സ്.—ഞാൻ മലയാളത്തിലാണ് സംസാരിയ്ക്കുവാൻ പോകുന്നത്, താണജാതികാർക്ക് കുറെകൂടി പരിഷ്കാരം വരണം. ഒരു പത്തു കൊല്ലം കൂടി കഴിഞ്ഞാൽ ഇതൊക്കെ താനേ ശരിപ്പെട്ടും. അതു് ഞാൻ എന്റെ പരിജ്ഞാനംകൊണ്ടു് പറയുന്നതാണ്. കുട്ടികളുടെ വിദ്യാഭ്യാസത്തിലും മറ്റും ർന്നു കൊല്ലത്തെ പരിജ്ഞാനം എനിയ്ക്കു കിട്ടീട്ടുണ്ടു്. അതിൽ നിന്നും ഞാൻ മനസ്സിലാക്കീട്ടുള്ളതു് ഇതാണ്. നല്ലകുട്ടികളേയും മോശപ്പെട്ട കുട്ടികളേയും കൂട്ടിചേർത്തു പഠിപ്പിച്ചുകഴിഞ്ഞാൽ നല്ല കുട്ടികളും ചീത്ത പഠിയ്ക്കുയേയുള്ളു. "പന്നിയോടു കൂടിയാൽ പത്തുവും അമേദ്യം ഭക്ഷിയ്ക്കും". (ചാരി) എന്നു പറയുന്നതുപോലെ "പന്നി പത്തുവിനോടു കൂടിയാൽ പുല്ലു തിന്നും" എന്നു പറഞ്ഞു വരാറില്ല. അതുകൊണ്ടു് നല്ല കുട്ടികളും ചീത്തയാകാനാണ് അധികം എളുപ്പമുള്ളതു്. അവർ ഇവരോടു കൂടിചേർന്നാൽ ദോഷം വരുമെന്നുള്ളതിനു തർക്കമില്ല. എത്രയോ മഹാത്മാക്കൾ ഉണ്ടാക്കിവച്ചിട്ടുള്ള ഒരു നിയമത്തെ ഒരു മഹാത്മാവു വന്നപ്പോൾ ഇന്നത്തെ നിലയിലാക്കീട്ടുണ്ടു്. അതിലും വലിയ ഒരു മഹാത്മാവുവന്നു് വേറെ തരത്തിൽ ആക്കാനുംമതി. ആയതുകൊണ്ടു് അധികം ചാടേണ്ട. അതിനു് ഞാൻ മുമ്പു് പറഞ്ഞതുപോലെ ഇനിയും കുറെ സമയം വേണം. സ്റ്റെപ്പ് ബൈ സ്റ്റെപ്പായിട്ടുവേണം കയറിപോകുവാൻ. ഇതു് അപ്പുപ്പൻ വന്നു് ഉപ്പിട്ടുകെട്ടി, അമ്മുമ്മവന്നു് മറിച്ചിട്ടുകെട്ടി. എന്നുപറയുന്നതുപോലെ ഇപ്പോഴത്തെ മഹാത്മാവു് ഉപ്പുണ്ടാക്കി. ഉപ്പിട്ടുകെട്ടി; അടുത്തുവരുന്ന മഹാത്മാവു് അതിനെ മറിച്ചിട്ടുകെട്ടിയെന്നു വരും. ഇപ്പോൾ മതവ്യത്യാസമില്ലാതെ ശരീരത്തിന്റെ വെടിപ്പുമാത്രം നോക്കിയാൽ ഈ പ്രമേയത്തിൽ പറയുന്നതുപോലെ അതു എളുപ്പത്തിൽ നടക്കുകയില്ല. അളിനു് പുറമെ വെടിപ്പുണ്ടെങ്കിലും ഉള്ള വെടിപ്പില്ലാത്ത ആളാണെങ്കിൽ അതു മറ്റു തരത്തിലും ആകും. ഇങ്ങനെ പറയുകയാണെങ്കിൽ കുറെ അധികം പറയുവാനുണ്ടു്. അതിനാൽ ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഇതിനെ എതിർക്കുന്നു.

മിസ്റ്റർ എം. കൃഷ്ണമേനോൻ.—ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. എന്റെ മാന്യസ്നേഹിതൻ ഈ പ്രമേയം അവതരിപ്പിയ്ക്കുന്ന സമയത്തു് സ്കോട്ട്ലണ്ടിൽ ഡാൻസു് നടത്തുന്നതിനു് ഇൻഡ്യൻ വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നില്ല; അവിടെ ഹോട്ടലിലോ റസ്റ്റാറണ്ടിലോ താമസിയ്ക്കണമെങ്കിൽ സ്ത്രീകളുമൊന്നിച്ചു ഡാൻസു് ചെയ്യണം; അതിനാൽ ഇൻഡ്യൻ വിദ്യാർത്ഥികൾ

LIBRARY ARCHIVES Kerala Legislative Assembly

ളെ ആ വക സ്ഥാപനങ്ങളിൽ പ്രവേശിയ്ക്കുവാൻ അനുവദിയ്ക്കുന്നില്ല എന്നു് കുറെ നാൾ മുമ്പു പത്രങ്ങളിൽ വായിച്ചപ്പോൾ നമുക്കു എന്തൊരു ദേഷ്യമാണു് ഉണ്ടായതു് എന്നു് പ്രസംഗിയ്ക്കുകയുണ്ടായി. അതു് വായിച്ചപ്പോൾ അദ്ദേഹത്തിനു് എന്താണു് സങ്കടം തോന്നിയതെന്നാണു് ഞാൻ ചോദിയ്ക്കുന്നതു്. ഇവിടെ നിന്നു തറവാടും വിറ്റിട്ടുള്ള പണവും കൊടുത്തു് എങ്ങിനെയെങ്കിലും കുട്ടികൾ പഠിയ്ക്കട്ടെ എന്നു കരുതി പുറപ്പെടുവിയ്ക്കുമ്പോൾ അവർ അവിടെ ചെന്നാൽ ഇതാണോ ചെയ്യേണ്ടതു?" അതിനു് അവർക്കു സൌകര്യം കിട്ടിയില്ലെന്നു പറഞ്ഞതിൽ എനിയ്ക്കു വളരെ സന്തോഷമാണു് തോന്നിയതു്. ഒന്നു് എന്റെ മാനസ്നേഹിതൻ തെറ്റിദ്ധരിച്ചുപോകരുതെന്നു അപേക്ഷ. ബ്രാഹ്മണർക്കു ഹോട്ടലുകളിൽ അവർക്കു് ഇക്കാര്യത്തിൽ എങ്ങിനെ തോന്നുന്നുണ്ടോ അതുപോലെതന്നെ നായന്മാർക്കും തോന്നാതിരിയ്ക്കയില്ല. പുലയനും പറയനും ഇപ്പോൾ ഒന്നിച്ചിരുന്നു ഭക്ഷണം കഴിയ്ക്കുന്നില്ല. എന്നാൽ അടുത്ത ഒരു കാലത്തു് ഇതെല്ലാം ശരിയാകും. അതിലേയ്ക്കു ഇങ്ങനെ ഒരു പ്രമേയംതന്നെ കൊണ്ടു വരേണ്ട ആവശ്യമില്ല. ഇപ്പോൾ മുനിസിപ്പാലിറ്റിയിൽനിന്നും ഇതിനെല്ലാം ലൈസൻസു കൊടുക്കുന്നുവെന്നുള്ള കാരണംകൊണ്ടു് ഗവർമ്മെണ്ടിനു് ഇതിലെന്തെങ്കിലും ചെയ്യുവാൻ സാധിയ്ക്കുമെന്നു് എനിയ്ക്കു തോന്നുന്നില്ല. മുനിസിപ്പാലിറ്റിയിൽനിന്നു ലൈസൻസു കൊടുക്കുന്നതു് ഒരു പുലയനേയോ, പറയനേയോ കടത്താൻ മനസ്സുള്ളവർക്കു മാത്രമേ പാടുള്ളുവെന്നു പറയുന്നതു് ശരിയല്ലെന്നാണു് എനിക്കു തോന്നുന്നതു്. മുനിസിപ്പാലിറ്റിയ്ക്കു് ഇതിന്റെ അനേപക്ഷണം ഉണ്ടായിരിയ്ക്കുണമെന്നുള്ളതു് ഞാനും സമ്മതിയ്ക്കുന്നു. സാംക്രമിക രോഗങ്ങൾ പടിപെടാതിരിയ്ക്കത്തക്കവണ്ണം ഉണ്ടാക്കിവയ്ക്കുന്ന പലഹാരങ്ങളും മറ്റും വൃത്തിയായിട്ടു സൂക്ഷിച്ചുവച്ചിട്ടാണോ കൊടുക്കുന്നതു് എന്നുള്ളതു മാത്രമേ മുനിസിപ്പാലിറ്റിക്കാർ നോക്കേണ്ടതുള്ളു. മിസ്റ്റർ വള്ളോൻ പറഞ്ഞതു വച്ചുകൊണ്ടു കുറേക്കൂടി അതിനെ പറ്റി കടത്തി പറയുന്നതായാൽ അതിരെങ്കിലും ഒരു കണ്ണു കുഴിപ്പിയ്ക്കുന്നുണ്ടെങ്കിൽ അതിൽനിന്നും പുലയരേയും വെള്ളം കോരികുടിയ്ക്കുവാൻ അനുവദിയ്ക്കുണം; അതിനു സമ്മതമുള്ളവർമാത്രമേ മേലാൽ കിണറു കുഴിപ്പിയ്ക്കാവൂ എന്നു വരുത്തണം എന്നാണു് മനസിലാകുന്നതു്. അതൊന്നും അത്ര എളുപ്പത്തിൽ സാദ്ധ്യമാകുന്ന ഒരു സംഗതിയല്ല. ഇതെല്ലാം ഇങ്ങനെ ഒരു റസല്യൂഷൻ പാസാക്കാതെതന്നെ നടപ്പിലായിക്കൊള്ളുമെന്നാണു് എന്റെ അഭിപ്രായം.

മിസ്റ്റർ കെ. അയ്യപ്പൻ.—എനിയ്ക്കു് ആദ്യമായി പറയാനുള്ളതു് ഞാൻ ഈ നിശ്ചയം കൊണ്ടുവന്നതു് ഏതെങ്കിലും സമുദായത്തിന്റെ കുറ്റം എടുത്തു് കാണിയ്ക്കുണമെന്ന ഉദ്ദേശത്തോടുകൂ

LIBRARY ARCHIVES Kerala Legislative Assembly

ടിയല്ലെന്നുള്ളതാണ്. അങ്ങിനെ ഒരു തെറ്റിധാരണ ആക്കം ഉണ്ടാകരുതെന്നപേക്ഷ ബ്രാഹ്മണരുടെ ഹോട്ടലുകളിൽ നായന്മാക്കു് അകലെ സ്ഥലം. നായന്മാരുടെ ഹോട്ടലുകളിൽ ഈഴവക്കു് അകലെ സ്ഥലം. ഈഴവരുടെ ഹോട്ടലുകളിൽ പുലയക്കും മറവും അങ്ങിനെതന്നെ. ഈ കാര്യത്തിൽ ഒരു ജാതിക്കാർ മാത്രമല്ല എല്ലാ ജാതിക്കാരും കുറക്കാരാണ്. നമ്മൾ അനേകാനേകം വിഷമങ്ങൾ പറഞ്ഞു് സഹകരണ ബുദ്ധിയോടുകൂടി പരിഹരിയ്ക്കേണ്ടതാണ് ഈ നിശ്ചയം നീക്കാൻ ഉദ്ദേശിയ്ക്കുന്ന സാമുദായികദോഷം.

ഗവമ്മെണ്ടിന് എന്റെ നിശ്ചയത്തിനെതിരായി പറയാൻ ന്യായം ഒന്നും ഉണ്ടായിരുന്നില്ല. അതിൽ ഞാൻ സന്തോഷിയ്ക്കുന്നു. ന്യായം ഉണ്ടെങ്കിൽ പറയാൻ സാധിയ്ക്കാത്തവരല്ല ഗവമ്മെണ്ടു മെമ്പർമാർ. അവർ ഒരു ന്യായവും പറയാത്തതിൽ നിന്നു് ന്യായം ഒന്നും ഇല്ലെന്നു വേണം ഊഹിക്കാൻ.

ഈ നിശ്ചയത്തെ എതിർത്തവക്കം അതിന്റെ തത്വത്തോടു് എതിരില്ലെന്നു പറയുകയുണ്ടായി. കാലമായില്ല എന്നതു മാത്രമാണ് അവക്കു് ഇപ്പോൾ പറയാനുള്ള ന്യായം. കാലമായില്ല എന്നു തോന്നുന്നതു് കേവലം പരിചയംകൊണ്ടു മാത്രമാണ്.

ഈ നിശ്ചയം നടപ്പാക്കാൻ മുനിസിപ്പൽ റഗ്ലേഷൻ തടസ്ഥമാണെന്നു് ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ പറയുകയുണ്ടായി. ഈ സ്ഥിതിയിൽ ഇത്രനാളും ഇരുന്നിട്ടും അദ്ദേഹം ഇങ്ങിനെയൊരു ന്യായം പറഞ്ഞതിൽ അത്ഭുതപ്പെടുന്നു. ഇവിടെ പാസാകുന്ന നിശ്ചയങ്ങളെല്ലാം നടപ്പാക്കുവാൻ എന്തെല്ലാം മുൻകൂട്ടി ചെയ്യേണ്ടതുണ്ടോ അതൊക്കെ ചെയ്തു നടപ്പാക്കണമെന്നു് നിശ്ചയങ്ങളിൽ പറയാതെതന്നെ ഊഹിക്കാവുന്നതാണ്. ഈ നിശ്ചയം നടപ്പാക്കാൻ മുനിസിപ്പൽ റഗ്ലേഷൻ മാറണമെങ്കിൽ ആ മാറ്റവും ഗവമ്മെണ്ടു വരുത്തികൊള്ളണമെന്നേ അർത്ഥമുള്ളു.

ശരീരാരോഗ്യത്തിനു് ആവശ്യമായ ചില വ്യവസ്ഥകളും ഇപ്പോൾതന്നെ ലൈസൻസു കൊടുക്കുന്നതിൽവച്ചിട്ടുണ്ടു്. ശരീരാരോഗ്യത്തേക്കാൾ പ്രധാനമായ മാനസികാരോഗ്യത്തിനു് ഹാനികരമായ ഒരു ആചാരത്തെ മാറ്റാനാണ് ഈ നിശ്ചയം. ചത്തുപോകുന്ന ശരീരത്തിന്റെ ആരോഗ്യത്തെ മാത്രമേ നാം നോക്കുന്നുള്ളു. അതിലും വലുതായ മാനസികാരോഗ്യം നാം നോക്കുന്നതേയില്ല.

ഗവമ്മെണ്ടു് ഈ നിശ്ചയത്തെ സംബന്ധിച്ചു് നിഷ്പക്ഷ നിലയെടുക്കണമെന്നു് എനിക്കു് അപേക്ഷയുണ്ടു്.

Resolution put and negatived.

As the mover was absent the following resolution was considered withdrawn.

Mr. K. T. Mathew.—*This Council recommends to the Government to abolish Dwadasi system in the State.*

LIBRARY ARCHIVES Kerala Legislative Assembly

3. Ferry convenience for Motor Vehicles.

മിസ്റ്റർ ടി. കെ. നായർ.—ഈ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള സംഗതി ഗവമ്മെണ്ടിനു് സ്വീകരിക്കുവാൻ വളരെ എളുപ്പമുള്ള തായതുകൊണ്ടു് വെറുതെ ഇതിനെ ഒന്നു നോക്കി വായിക്കുവാനേയുള്ളു. ഇതാണു് ഞാൻ അവതരിപ്പിച്ചിട്ടുള്ള റസല്യൂഷൻ:—"സക്കാർ വക എല്ലാ കടത്തുകളിലും മോട്ടാർ വാഹനങ്ങളും മറ്റും കടത്തേണ്ടതിലേക്കു വേണ്ടുന്ന ഏർപ്പാടുകളും ചെയ്യേണ്ടതാണെന്നു് ഈ സഭ ഗവമ്മെണ്ടിനോടു ശുപാർശ ചെയ്യുന്നു."

ഇവിടെയുള്ള സക്കാർവക എല്ലാ കടത്തുകളിലും മനുഷ്യർക്കു ഗതാഗതം ചെയ്യുവാൻ ധാരാളം സൌകര്യമുണ്ടു്. അതുപോലെ മോട്ടാർ വാഹനങ്ങളും മറ്റും തിരുവിതാംകൂറിൽ കടത്തികൊണ്ടുപോകുവാൻ സൌകര്യം ഉണ്ടാക്കീട്ടുള്ള മാതിരിയിൽ ഇവിടേയും സൌകര്യമുണ്ടാക്കി കൊടുക്കേണ്ടതാണു്. മോട്ടാർ വാഹനങ്ങൾ ഇപ്പോൾ ധാരാളം വർദ്ധിച്ചിട്ടുള്ളതുകൊണ്ടു് അവയെ കടത്തുകളിൽ കയറ്റി മറുകരയിൽ കൊണ്ടുപോകാനുള്ള സൌകര്യം ചെയ്തു കൊടുക്കേണ്ടതു് അത്യാവശ്യമാണു്. ഇപ്പോൾ കടത്തിനു് സൌകര്യമില്ലാതിരിക്കുന്നതുകൊണ്ടു് പല ബുദ്ധിമുട്ടുകളും അനുഭവിക്കുവാനിടവരുന്നുണ്ടു്. അതിലേക്കു് എന്തെങ്കിലും ഒരു നിവാരണം ഉണ്ടാക്കുന്നതിനെന്നപേക്ഷിക്കുവാനാണു് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു്. ഇതിനെ കുറിച്ചു് കൂടുതലായി വല്ലതും പറയേണ്ടതുണ്ടെങ്കിൽ ഗവമ്മെണ്ടിന്റെ മറുപടി കേട്ടശേഷം പറഞ്ഞുകൊള്ളാം.

Mr. K. M. Ibrahim—I second it.

മിസ്റ്റർ എം. ഡി. നാരായണയ്യർ.—ഈ പ്രമേയത്തിൽ മെമ്പർ ആവശ്യപ്പെട്ടിട്ടുള്ളതു് എല്ലാ കടത്തുകളിലും മനുഷ്യർക്കു് ഗതാഗതത്തിനു സൌകര്യപ്പെടുത്തീട്ടുള്ളതുപോലെ മോട്ടോർ വാഹനങ്ങൾക്കും ഏർപ്പാടുചെയ്തുകൊടുക്കണമെന്നാണു്. ഇതു് ചില കടത്തുകളിൽ ഇപ്പോൾ ചെയ്തിട്ടുണ്ടു്. കൊച്ചിയിൽനിന്നും അരൂരിലേയ്ക്കു് മോട്ടോർ വാഹനങ്ങളും മറ്റും കടത്തികൊണ്ടുപോകുവാൻ തിരുവിതാംകൂർ ഗവമ്മെണ്ടുമായി യോജിച്ചു് വേണ്ട ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞിട്ടുണ്ടു്. ഇനിയും ആവശ്യമുള്ള പ്രധാന കടത്തുകളുണ്ടെങ്കിൽ അവിടേയും ചെയ്തുകൊടുക്കുവാൻ ഗവമ്മെണ്ടിനു് യാതൊരു വിരോധവുമില്ല. കൂടാതെ തൃശ്ശിവപേരൂരിൽനിന്നും എറണാകുളത്തേയ്ക്കുള്ള പ്രധാനവഴികളിലും, കൊച്ചി രാജ്യത്തിൽ കായ്മായിട്ടചെയ്തുകൊടുക്കേണ്ട എല്ലാടങ്ങളിലും ചെയ്തിട്ടുമുണ്ടു്. വേറെ ഇനിയും കടത്തുകളാവശ്യമുള്ള സ്ഥലം കൊച്ചിരാജ്യത്തുണ്ടെന്നറിഞ്ഞാൽ ചെയ്തുകൊടുക്കാൻ വിരോധമില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—പുളിയ്ക്കടവു് ഉണ്ടെല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഡി. നാരായണയ്യർ —അവിടെ രണ്ടുഭാഗത്തും റോഡുകളുണ്ട്. വർഷ്കാലത്തുമാത്രമെ അവിടെ വെള്ളമുണ്ടായിരിയ്ക്കുകയുള്ളു. വേനൽക്കാലമായാൽ വെള്ളം അധികം കാണുകയില്ല. അതിൽ ഞാൻകൂടി ധാരാളം നടന്നുപോയിട്ടുണ്ട്. മാത്രമല്ല വർഷ്കാലത്തു് ഒഴുക്കു് അധികമായിരിയ്ക്കും. വേനൽക്കാലത്തു് വെള്ളം മുട്ടുവരെമാത്രമേ ഉണ്ടായിരിയ്ക്കുകയുള്ളു. അതുകൊണ്ടു് അവിടെ ഒരു കടത്തുതോണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതിനുള്ള സൌകര്യവും അവിടെ തീരെയില്ലെന്നാണു് എനിയ്ക്കു തോന്നുന്നതു്. വേനൽക്കാലമായാൽ വെള്ളം വളരെ കുറഞ്ഞിരിയ്ക്കുമെന്നുള്ളതുകൊണ്ടു് കാർ അതുവഴി കൊണ്ടുപോകയും ചെയ്യാം.

മിസ്റ്റർ എം. കെ. രാമൻ—പൌവ്വരയ്ക്കു കടക്കുവാൻ വല്ല മാർഗ്ഗവുമുണ്ടോ?

മിസ്റ്റർ എം. ഡി. നാരായണയ്യർ.—പെങ്കൽതോടിൽ ഒരു പാലം പണിചെയ്തിട്ടുണ്ടു്.

മിസ്റ്റർ എം. കെ. രാമൻ.—അതുവളരെ വളഞ്ഞ ഒരു വഴിയാണെല്ലൊ. നേരെപോകുന്നതിനു വല്ല വഴിയുമുണ്ടോ?

മിസ്റ്റർ എം. ഡി. നാരായണയ്യർ.—നേരെയുള്ളവഴിയിൽ ട്രാഫിക്കു് വളരെ ചുരുക്കമായിട്ടേയുള്ളു. അതു് ബഡ്ഡ്ജറിൽ എസ്റ്റിമേറു ചെയ്യേണ്ട ഒന്നാണെന്നു് ഗവർമ്മെണ്ടിനു തോന്നുന്നില്ല.

മിസ്റ്റർ ടി. കെ. നായർ,—ഞാൻ ഈ പ്രമേയം അവതരിപ്പിച്ച സമയത്തുതന്നെ ഇങ്ങിനെയൊരു മറുപടിയുണ്ടാകുമെന്നുള്ളോർത്തിട്ടുണ്ടു്. ഒരിടത്തു് വെള്ളം ഇല്ലെന്നുവിചാരിച്ചു് അതിലേയ്ക്കു വേണ്ടി ഈ കായലിലെ വെള്ളമെല്ലാം അങ്ങോട്ടവലിച്ചുകൊണ്ടുപോയി വേനൽകാലത്തും ചങ്ങാടം ഉപയോഗപ്പെടുത്തണമെന്നു് ഞാൻ ആവശ്യപ്പെട്ടിട്ടില്ല. വെള്ളം കൂടുതലുള്ള കാലങ്ങളിൽ മാത്രമേ ചങ്ങാടത്തിന്റെ ആവശ്യമുള്ളു. വേനൽകാലത്തു് വെള്ളമില്ലാത്ത സ്ഥലങ്ങളിൽ വാഹനങ്ങൾ കടത്തുവാൻ വലിയപ്രയാസമില്ല. വർഷ്കാലത്തു് ഒരു ചങ്ങാടംകൂടാതെ നിവൃത്തിയുമില്ല. കടത്തുകൂലി ലേലംവിളിച്ചു് ഏല്പിക്കുന്ന കൂട്ടത്തിൽ ഒരു ചങ്ങാടവുംകൂടി അവിടെ ഏർപ്പാടു ചെയ്യണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു". ചങ്ങാടത്തിനുള്ള ചിലവുമാത്രമേ ഗവർമ്മെണ്ടിനുള്ളു. കൂടുതൽ വരവു് തീർച്ചയായും കടത്തുകളിൽ നിന്നുണ്ടാകും. വാഹനങ്ങൾ കടത്തുന്നതിനു് ഒരു ചാർജ്ജു് നിശ്ചയിച്ചാൽ അതും ഒരു വരവാകും. ജനങ്ങൾക്കു് വളരെ സൌകര്യവുമായി. ആവശ്യമുള്ള സ്ഥലങ്ങളിൽ സൌകര്യപ്പെടുത്താമെന്നു പറഞ്ഞതിനാൽ ഞാൻ ഇതിനെ പിൻവലിക്കുന്നു.

Resolution withdrawn with leave.

The mover being absent the following resolution was considered withdrawn.

LIBRARY ARCHIVES Kerala Legislative Assembly